




ശിഹാബ്ക്കാ, എനിക്ക് വായിക്കാൻ നല്ല ഇഷ്ടമാണ്. തമാശക്കഥകൾ വായിക്കാനാണ് കൂടുതൽ ഇഷ്ടം. എന്തെല്ലാം തരം പുസ്തകങ്ങളാണ് ഞാൻ തെരഞ്ഞെടുക്കേണ്ടത്?

**ലിയാന പർവീൻ മൻസൂർ**
ക്ലാസ് 7, ശ്രീപുരം ഇ.എം സ്കൂൾ, പള്ളിക്കുന്ന്, കണ്ണൂർ

ലിയാനാ, തമാശക്കഥകൾ എല്ലാവർക്കും ഇഷ്ടം തന്നെ. എന്നാൽ തമാശകൾ പലവിധത്തിലുണ്ടല്ലോ.

ചിലത് ശുദ്ധഹാസ്യം. ഒരുദാഹരണം പറയാം:

ഒരു ബലൂൺ പിറകിൽ നിന്ന് പൊട്ടുന്ന ഒച്ച കേട്ട് ഞെട്ടിയോടുന്ന ഒരാളെ കണ്ടാൽ നാം ചിരിക്കും. ആ കാഴ്ച ശുദ്ധഹാസ്യമാണെന്ന് പറയാം.

എന്നാൽ മുല്ലാ നാസറുദ്ദീൻ കഥകൾ വായിച്ചും നാം ചിരിക്കും. അതിൽ ഏറെയും തത്വചിന്താപരമായ ചിരിയാണ്. ഒരു മുല്ലാക്കഥ പറയാം.

മുല്ല വെറുതെയിരുന്ന് ബോറടിച്ചപ്പോൾ വഴിയെ പോകുന്ന ഒരാളെ കൈകൊട്ടി വിളിച്ചു. എന്നിട്ട് പറഞ്ഞു: അങ്ങാടിയിൽ നിന്ന് ഫ്രീ ആയി ആളുകൾക്കൊക്കെ ബിരിയാണി കൊടുക്കുന്നുണ്ട്. പോയി കഴിച്ചോളൂ.

കേട്ട ആൾ അങ്ങാടിയിലേക്ക് കുതിച്ചു. വഴിയിലുള്ള ആളുകളോടൊക്കെ വിളിച്ചു പറയുകയും ചെയ്തു.

കുറച്ചു കഴിഞ്ഞപ്പോൾ ആളുകൾ തിക്കിതിരക്കി അങ്ങാടിയിൽ ഫ്രീ ബിരിയാണിയുണ്ടെന്ന് കേട്ട് പോകുവാൻ തുടങ്ങി. അപ്പോൾ മുല്ലക്ക് സംശയമായി. ഇനി ശരിക്കും ബിരിയാണി കൊടുക്കുന്നുണ്ടാവുമോ? മുല്ലയും എഴുന്നേറ്റ് അങ്ങാടിയിലേക്ക് കുതിച്ചു!

(ഈ കഥ ഒരു മലയാള സിനിമയിൽ മോഷ്ടിച്ച് അവതരിപ്പിച്ചിട്ടുണ്ട്).

മുല്ലയെപ്പറ്റിയുള്ള ഈ തമാശക്കഥ വെറും തമാശക്കഥയല്ല. അങ്ങേയറ്റം തത്വചിന്താപരമാണ്. ഒരാൾ നുണ കൊണ്ട് കുഴിച്ച കുഴിയിൽ അയാൾ തന്നെ വീ



സഞ്ചാരികളുടെ രാജകുമാരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്– മാർക്കോ പോളോ

ണു പോകും എന്ന തത്ത്വചിന്തയാണ് ഈ തമാശക്കഥക്ക് പിന്നിൽ.

കഥാകാരൻ ബഷീറിന്റെ കഥയിലെ തമാശയിൽ മറ്റൊരർത്ഥമാണ് വരിക.

ഒരു ഉദാഹരണം പറയാം:

ഒരു ദിവസം ബഷീർ ചായക്കടയിൽ വെച്ച കുടയുമെടുത്ത് ഒരാൾ പോയ്ക്കളഞ്ഞു. ഇത് ബഷീർ കണ്ടു. പിന്നാലെ ഓടിയിട്ട് അയാളോട് ബഷീർ ചോദിച്ചു: താങ്കളാണോ വൈക്കം മുഹമ്മദ് ബഷീർ? കുടയെടുത്ത ആൾ പറഞ്ഞു:

അല്ല.

ഇതോടെ ബഷീർ അയാളുടെ കൈയിൽ നിന്നും കുട വാങ്ങിച്ചുകൊണ്ട് പറഞ്ഞു: എന്നാൽ ഈ കുട വൈക്കം മുഹമ്മദ് ബഷീറിന്റേതാണ്.

ഈ കഥയിലെ തമാശ മറ്റൊരു വിധമാണ്.

തമാശക്കഥകൾ ഇങ്ങനെ പല വിധമുണ്ട്.

ഇനി പറയൂ, ലിയാനക്ക് ഏത് തരം തമാശക്കഥകളാണ് വേണ്ടത്? ശിഹാബ്ക്കയെ അറിയിക്കുമല്ലോ.

എനിക്ക് പഠിക്കാനെല്ലാം നല്ല മടിയാണ് ശിഹാബ്ക്കാ.. അത് ഞാൻ എങ്ങനെ മാറ്റും..?

**റിഫ മറിയം,** ക്ലാസ് 8
ജി.വി.എച്ച്.എസ്, മേപ്പയ്യൂർ

പഠിക്കാനുള്ള മടി കളിക്കാനില്ലല്ലോ, റിഫാ?

സത്യമല്ലേ ശിഹാബ്ക്ക പറയുന്നത്?

കളിക്കാൻ മടി എങ്ങനെയാണ് ഇല്ലാതാവുന്നത്? റിഫ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?

സംഭവം സിംപിൾ! കളിയോട് നമുക്ക് നല്ല താൽപര്യമാണ്. താൽപര്യം ഉണ്ടാകുന്നത് എങ്ങനെയാണ്? അത് നമുക്ക് രസം തരുമ്പോഴാണ്. അതുപോലെ പഠനവും രസകരമാക്കണം.

ഓ, ഈ ശിഹാബ്ക്കയുടെ ഒരു കാര്യം! പറയുമ്പോഴേക്കും ഒരാൾക്ക് രസം വരുമോ?

അപ്പോൾ രസമുണ്ടാക്കാൻ എന്ത് ചെയ്യണം?. അതേപ്പറ്റി അറിയണം. അറിയാനുള്ള കൗതുകം വേണം.

കണ്ണും കാതും തുറന്നുവെച്ച് ചെറുതും വലുതുമായ കാര്യങ്ങൾ ആർത്തിയോടെയും കൗതുകത്തോടെയും അറിയാനുള്ള കഴിവ് ഓരോ വിദ്യാർത്ഥിയും ആർജിച്ചിരിക്കണം. ഒരു അറിവും ഒരു നല്ല വിദ്യാർത്ഥിക്ക് അന്യമല്ല. നമുക്ക് ചുറ്റുമുള്ള ചെറുതും വലുതുമായ കാര്യങ്ങളിൽ കൗതുകം ജനിപ്പിക്കാനാണ്, സത്യത്തിൽ, പത്താം ക്ലാസ് വരെയുള്ള പാഠങ്ങൾ.

പഠിച്ചിട്ട് മനസ്സിലാവാത്ത കാര്യങ്ങൾ അധ്യാപകരോടോ രക്ഷിതാക്കളോടോ സുഹൃത്തുക്കളോടോ ചോദിച്ചു മനസ്സിലാക്കുക എന്നതാണ് ഒരു നല്ല വിദ്യാർത്ഥി ചെയ്യേണ്ടത്. പാഠഭാഗങ്ങളിൽ നിങ്ങൾക്കറിയാത്തതൊന്നും കടന്നു പോകാതിരിക്കാൻ ശ്രമിക്കണം.

അതൊക്കെ കുറച്ച് കഷ്ടപ്പാടല്ലേ എന്ന ചോദ്യമാണ് മനസ്സിൽ നിന്ന് ആദ്യം പറിച്ചു കളയേണ്ടത്. കഠിനമായി അധ്വാനിക്കുക. അറിയാത്ത ഭാഗങ്ങൾ പ്രത്യേകം അടയാളപ്പെടുത്തി ആരുടെയെങ്കിലും സഹായത്തോടെ മനസ്സിലാക്കി മുന്നോട്ട് പോവുക

നല്ല വിദ്യാർത്ഥിയായിത്തീരും.

കാര്യങ്ങൾ മനസ്സിലാക്കുന്നത് മാറ്റിവെക്കുന്നതാണ് മടി വരാൻ കാരണമായിത്തീരുന്നത്. പിന്നെ മടിയോട് മടിയാകും.



ബംഗബന്ധു എന്നറിയപ്പെടുന്നത് – ശൈഖ് മുജീബുർറഹ്മാൻ (ബംഗ്ലാദേശ്)